(സി) സമഗ്ര വിദ്യാഭ്യാസ പദ്ധതിക്ക് മാത്രമായി യാതൊരു ഫണ്ടും വകയിരുത്തിയിട്ടില്ല. എം.എൽ.എ.-മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ./ എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ സ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നത്.

ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ്

59 (1135) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറിക്ക് തുല്യതാ കോഴ്സ് നടത്തുന്നുണ്ടോ;

(ബി) തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണ്;

(സി) ഏതൊക്കെ ഗ്രൂപ്പുകളിലാണ് തുല്യതാ കോഴ്സ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന പത്താം തരം തുല്യതാ കോഴ്സ് പാസ്സായവർ, ഔപചാരിക തലത്തിലുള്ള എസ്.എസ്.എൽ.സി. വിജയിച്ചതിനുശേഷം പഠനം നിർത്തിയവർ, ഔപചാരികതലത്തിലുള്ള പ്ലസ് ടു/പ്രീ-ഡിഗ്രി പഠനം ഇടയ്ക്ക്വെച്ച് നിർത്തിയവർ, പരീക്ഷയിൽ പരാജയപ്പെട്ടവർ, പത്താംതരം തുല്യതാ കോഴ്സ് പാസ്സായവർ ഒഴികെയുള്ള വിഭാഗത്തിലെ പഠിതാക്കൾക്ക് രജിസ്ട്രേഷൻ കാലയളവിൽ ജൂൺ 1-ന് 22 വയസ്സ് പൂർത്തിയായിരിക്കണം എന്നിവയാണ് തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള യോഗ്യതകൾ.

(സി) ഹ്യൂമാനിറ്റീസ് ഗ്രൂപ്പുകളിൽ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി അല്ലെങ്കിൽ ഗാന്ധിയൻ സ്റ്റഡീസ് എന്നിവയും, കോമേഴ്സ് ഗ്രൂപ്പിൽ അക്കൗണ്ടൻസി, ബിസിനസ്സ് സ്റ്റഡീസ്, എക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് എന്നിവ ഐശ്ചിക വിഷയങ്ങളും, പാർട്ട് I-ൽ ഇംഗ്ലീഷും, പാർട്ട് II-ൽ മലയാളം അല്ലെങ്കിൽ ഹിന്ദി എന്നിവയുമാണ് സിലബസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഗസ്റ്റ് അദ്ധ്യാപക നിയമനം

60 (1136) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച സർക്കാർ-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമിതരായ ഗസ്റ്റ് അദ്ധ്യാപകരിൽ സർക്കാർ സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് മാത്രം വേതനം നൽകുന്നതിന് ഉത്തരവായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly